(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു തീരുമാനം എടുത്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അംഗനവാടി വർക്കർമാരായി നിയമിക്കുന്നതിന് യോഗ്യതയുള്ള ബാലവാടി അദ്ധ്യാപികമാരെ നിയമിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു വരുന്നു.

സംസ്ഥാനത്തെ അംഗനവാടികൾ

63 [71] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെയുള്ള അംഗനവാടി വർക്കർമാർ എത്ര ; ഹെൽപ്പർമാർ എത്ര ;

(ബി) 1985-86 വർഷത്തിൽ ഇവർക്ക് അലവൻസായി കൊടുത്ത തുക എത്ര ;

(സി) അതിലേക്ക് വേണ്ടിയുള്ള രൂപ കേന്ദ്രസർക്കാർ നൽകുന്നുതാണോ?

ഉത്തരം

(എ) അംഗനവാടി വർക്കർമാർ—7383.

അംഗനവാടി ഹെൽപ്പർമാർ—7383.

(ബി) 1985-86 വർഷത്തിൽ 1-3-1986 വരെ ഇവർക്ക് 2,86,80,420 രൂപ ഓണറേറിയമായി നൽകിയിട്ടുണ്ട്.

(സി) ഇതിൽ കേന്ദ്രമേഖലാ പ്രോജക്ടുകളിലുള്ള 4641 വർക്കർമാരുടെയും 4641 ഹെൽപ്പർമാരുടെയും ഓണറേറിയം കേന്ദ്ര ഗവൺമെന്റ് നൽകുന്നതാണ്.

സഹകരണ വകുപ്പ് പ്രസിദ്ധീകരണം

64 [72] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ എത്ര ; ഏതെല്ലാം ;

(ബി) അതിലേയ്ക്കു 1985-86 വർഷം ചെലവായ തുക എത്ര ;

(സി) 1985-86-ൽ സഹകരണ വകുപ്പ് പരസ്യത്തിനുവേണ്ടി ചെലവാക്കിയ തുക എത്ര?

ഉത്തരം

(എ) ഒന്ന് ; സഹകരണവീഥി മാസിക.

(ബി) 13-3-1986 വരെ സഹകരണവീഥി പ്രസിദ്ധീകരണത്തിനു വേണ്ടി 60,985 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1985-86-ൽ പരസ്യത്തിനായി തുക ചെലവാക്കിയിട്ടില്ല.

ശക്തിവിലാസം സർവ്വീസ് സഹകരണ സംഘം

65 [73] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം പഞ്ചായത്തിലെ ശക്തി വിലാസം സർവ്വീസ് സഹകരണ സംഘം രജിസ്ട്രേഷൻ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പു നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഹൈക്കോടതിയിൽ ഇപ്പോൾ നിലവിലുള്ള 7707/85-ാം നമ്പർ ഒ. പി. തീർപ്പാക്കിയതിനുശേഷം മാത്രമേ തെരഞ്ഞെടുപ്പു നടത്തുവാൻ സാധിക്കുകയുള്ളൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II ചരമോപചാരം

ശ്രീ. എബ്രഹാം മാസ്റ്റർ, പ്രൊഫസർ എൻ. കെ. ശേഷൻ ശ്രീ. കെ. എസ്. നായർ, വി. രാജഗോപാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ആന്ധ്രാപ്രദേശ് ഗവർണ്ണറും തിരു-കൊച്ചി കേരള നിയമസഭാംഗവും അവിഭക്ത കെ. പി. സി. സി. യുടെ അദ്ധ്യക്ഷനും 9.30 a.m.] ആയിരുന്ന ശ്രീ. എബ്രഹാം മാസ്റ്റർ, മുൻധനകാര്യമന്ത്രിയായിരുന്ന പ്രൊഫസർ എൻ. കെ. ശേഷൻ, കേരള നിയമസഭാംഗങ്ങളായിരുന്ന സർവ്വശ്രീ. കെ. എസ്. നായർ, എം. വി. രാജഗോപാലൻ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

അചഞ്ചലമായ ആദർശധീരതയുടേയും സ്പഷ്ടികതുല്യമായ ലാളിത്യത്തിന്റേയും അസാമാന്യമായ വ്യക്തി പ്രഭാവത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും ഉടമയായിരുന്നു ശ്രീ. എബ്രഹാം മാസ്റ്റർ. എറണാകുളം മഹാരാജാസ് കോളേജിലും മദ്രാസ് ക്രസ്ത്യൻ കോളേജിലും സെയ്ന്റ്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഇരുപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ചെറായി രാമവർമ്മ യൂണിയൻ ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി. മുപ്പതുകൊല്ലത്തിലേറെ വിദ്യാർത്ഥിഹൃദയങ്ങളിലും ജനഹൃദയങ്ങളിലും സ്നേഹനിധിയായ ഒരു മാതൃകാദ്ധ്യാപകനെന്ന സ്ഥാനം അലങ്കരിച്ച അദ്ദേഹം അദ്ധ്യാപക വൃത്തിയിൽ നിന്നും വിരമിച്ചശേഷമാണ് ഒരു പൂർണ്ണ സമയരാഷ്ട്രീയ പ്രവർത്തകനായി മാറിയത്. അദമ്യമായ ആദർശനിഷ്ഠകൊണ്ടും അതിനിപുണമായ കർമ്മപാടവംകൊണ്ടും രാഷ്ട്രീയ ജീവിതത്തിന്റെ ഉന്നതശ്രേണികളിലെത്താൻ അദ്ദേഹത്തിന് അധികനാൾ വേണ്ടിവന്നില്ല. 1954-ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലേയ്ക്കും 1957, 1960, 1965 എന്നീ വർഷങ്ങളിൽ കേരള നിയമസഭയിലേക്കും ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും അഷ്വറൻസ് കമ്മിറ്റിയിലും അംഗമായിരുന്ന എബ്രഹാം മാസ്റ്റർ കഴിവുറ്റ ഒരു പാർലമെന്റേറിയനായിരുന്നു. 1954-ൽ കെ. പി. സി. സി. അംഗമായ അദ്ദേഹം 1964-ൽ കെ. പി. സി. സി. പ്രസിഡന്റായി. പിന്നീട് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗവുമായി.

LIBRARY ARCHIVES Kerala Legislative Assembly